**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3987** **21.06.2019-ൽ മറുപടിക്ക്**

**മലയോര ടൂറിസം**

| ചോദ്യം<br>ശ്രീ. പി. സി. ജോർജ് | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയോരമേഖലയിലെ ടൂറിസം വികസനങ്ങൾക്കായി പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ മലയോര മേഖലകളിൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പാക്കുന്നത്:<br>1. തെന്മലയിലെ ഇക്കോടൂറിസം വികസന പദ്ധതി(ലൈറ്റ് ആൻഡ് സൗണ്ട് ഷോ സഹിതം).<br>2. സൈലന്റ് വാലി, റോഡോവാലി, മീശപ്പുലിമല(മൂന്നാർ) മേഖലയിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ.<br>3. തേക്കടിയിൽ വിനോദ സഞ്ചാരികൾക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തലും കഫെറ്റീരിയ കം എന്റർടെയ്ൻമെന്റ് സെന്റർ നിർമാണവും.<br>4. സൈലന്റ് വാലി ദേശീയോദ്യാനത്തിൽ 2018 – 19 ൽ നടപ്പാക്കിയ നേച്ചർ അപ്രീസിയേഷൻ, ഇക്കോടൂറിസം ഇന്റർപ്രെട്ടേഷൻ പ്രവർത്തനങ്ങൾ.<br>5. 2018 ലെ നീലക്കുറിഞ്ഞി സീസൺ പ്രമാണിച്ച് ഇരവികുളം<br>6. ദേശീയോദ്യാനത്തിലെ വികസന പ്രവർത്തനങ്ങൾ.<br>7. ഇരവികുളം ദേശീയോദ്യാനത്തിൽ 2018 – 19 ൽ നടപ്പാക്കിയ നവീകരണ പ്രവർത്തനങ്ങൾ.<br>8. ചെറുചക്കിച്ചോല ഇക്കോ ടൂറിസം പദ്ധതി.<br>നെല്ലിയാമ്പതിയിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് 1.47 കോടി രൂപയുടെ പദ്ധതി വർക്കിങ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ എത്ര ഹോം സ്റ്റേകൾ ഉണ്ട്; ഇതിൽ രജിസ്റ്റർ ചെയ്ത ഹോം സ്റ്റേകൾ എത്രയെന്നും രജിസ്റ്റർ ചെയ്യാത്തവ എത്രയെന്നും കണക്കുകൾ ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ? | ബി) | വിനോദ സഞ്ചാര വകുപ്പിന്റെ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച ഹോം സ്റ്റേകളുടെ എണ്ണം ഇപ്രകാരമാണ്:<br>കോട്ടയം ജില്ല – 30<br>ഇടുക്കി ജില്ല – 65.<br>ക്ലാസിഫിക്കേഷൻ ലഭിക്കാതെ ഹോം സ്റ്റേകളായി പ്രവർത്തിക്കുന്ന വീടുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ